77/1/NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
02/08/2019

## <u>സർക്കുലർ</u>

വിഷയം: എൻറോൾമെന്റ് -സംബന്ധിച്ച്

എൻഎസ്എസ് റീജിയണൽ ഡയറക്ടറേറ്റിന്റെ തീരുമാനമനുസരിച്ച് വോളണ്ടിയർമാരായി ഓരോ യൂണിറ്റിൽ നിന്നും എൻറോൾ ചെയ്യുന്ന കുട്ടികളുടെ എണ്ണം 25 ആൺകുട്ടികളും 25 പെൺകുട്ടികളുമെന്നതാണ്. നേരിയ വ്യത്യാസങ്ങൾ അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ചില യൂണിറ്റുകളുടെ Proformaയിൽ നിശ്ചിത അനുപാതം പാലിച്ചിട്ടില്ല എന്നു കാണുന്നു. ഈ യൂണിറ്റുകളുടെ എൻറോൾമെന്റ് അംഗീകരിക്കുകയില്ലെന്നിറിയിക്കുന്നു. ഒഴിവാക്കാനാവാത്ത പ്രത്യേക സാഹചര്യം കൊണ്ടാണ് അങ്ങനെ വേണ്ടി വന്നതെങ്കിൽ പ്രിൻസിപ്പൽമാർ അക്കാരണം കാണിച്ചുള്ള വിശദീകരണക്കുറിപ്പും ഇളവ് അനുവദിക്കുന്നതിനുള്ള അപേക്ഷയും നൽകിയാൽ രേഖകൾ പരിശോധിച്ച് അർഹരായ യൂണിറ്റുകളുടെ എൻറോൾമെന്റ് അനുവദിക്കുന്നതാണ്. അപാകതകളുള്ളതും അപേക്ഷ ലഭിച്ചതുമായ യൂണിറ്റുകളുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ കൺവീനർമാർക്ക് നൽകുന്നതും അവർ പ്രസ്തുത യൂണിറ്റുകളിലെത്തി നിജസ്ഥിതി ബോധ്യപ്പെട്ട് ഉടൻ റിപ്പോർട്ട് നൽകേണ്ടതുമാണ്. ഈ നടപടികൾ ആഗസ്റ്റ് 10 നു മുമ്പ് അവസാനിപ്പിക്കേണ്ടതുമാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
സ്റ്റേറ്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ